# അക്ഷയ ഊർജ്ജ സേവനകേന്ദ്രം (ഊർജ്ജമിത്ര)

പൊതുജനങ്ങൾക്കും, വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തിരഞ്ഞെടുക്കുന്നതിനും, അവ സ്ഥാപിക്കുന്നതിനും, അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളുടെ പരിമിതി ഈ മേഖലയുടെ ഒരു പ്രധാന പോരായ്മയാണ്. ഈ പോരായ്മ പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജക മണ്ഡലത്തിലും ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രം (ഊർജ്ജമിത്ര) അനെർട്ട് ആരംഭിക്കുന്നത്. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതിയുടെ മാതൃകയിലാണ് 'ഊർജ്ജമിത്ര' സംരംഭകരെ തിരഞ്ഞെടുത്തത്.

ഓരോ 'ഊർജ്ജമിത്ര' കേന്ദ്രത്തിലും വിദഗ്ധ പരിശീലനം ലഭിച്ച മൂന്ന് ടെക്നീഷ്യൻമാർ ഉണ്ടായിരിക്കും. 'ഊർജ്ജമിത്ര' കേന്ദ്രങ്ങളിലൂടെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ദരുടെ സേവനം ഉറപ്പുവരുത്തുന്നതും, ജനങ്ങൾക്ക് ഗുണനിലവാരമുള്ള സേവനങ്ങളും, സാങ്കേതിക അറിവും ലഭ്യമാക്കുന്നതും സംസ്ഥാനത്ത് അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ വ്യാപനം വളരെയധികം വർദ്ധിപ്പിക്കുന്നതിന് സഹായകരമാവുന്നതാണ്.

**ലക്ഷ്യങ്ങൾ**

- പൊതുജനങ്ങൾക്കും, സ്ഥാപനങ്ങൾക്കും സോളാർ പവർ പ്ലാന്റുകൾ, സോളാർ വാട്ടർ ഹീറ്റർ, ബയോഗ്യാസ് പ്ലാന്റുകൾ ഉൾപ്പെടെയുള്ള വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തിരെഞ്ഞെടുക്കുന്നതിനും, സ്ഥാപിക്കുന്നതിനും അനുയോജ്യമായ സാങ്കേതിക ഉപദേശം നൽകുക.
- അക്ഷയ ഊർജ്ജ ഗുണഭോക്താക്കൾക്ക് യഥാസമയം കൃത്യമായ പരിപാലന സേവനം ലഭ്യമാക്കുക.
- വാറന്റി കാലാവധി കഴിഞ്ഞ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ റിപ്പയറിംങ്.
- അനെർട്ടിന്റെ വിവിധ പദ്ധതികളെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ആവശ്യമായ സാങ്കേതിക പിൻതുണ നൽകുക.
- സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തി സ്ത്രീ ശാക്തീകരണത്തിന് പ്രോത്സാഹനം നൽകുക. അക്ഷയ ഊർജ്ജ സേവന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ധരിൽ മൂന്നിലൊന്ന് പേർ സ്ത്രീകളായിരിക്കും.
- അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ടിന്റെ ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ **www.buymysun.com** എന്ന വെബ് സൈറ്റ് ഉപയോഗപ്പെടുത്തി ലഭ്യമാക്കുവാൻ സഹായിക്കുക.
- അനെർട്ടിന്റെ മൊബൈൽ ആപ്പായ **'സൗരവീഥി'** യിൽ രജിസ്റ്റർ ചെയ്യുന്ന ഗുണഭോക്താക്കൾ സ്ഥാപിച്ചിട്ടുള്ള അക്ഷയ ഊർജ്ജ ഉപകരണങ്ങൾ 'ഊർജ്ജമിത്ര' കേന്ദ്രം സാങ്കേതിക വിദഗ്ദർ പരിശോധിച്ച് ആവശ്യമായ സാങ്കേതിക നിർദ്ദേശം നൽകുക.

പൊതുജനങ്ങൾക്കും, സ്ഥാപനങ്ങൾക്കും 'ഊർജ്ജമിത്ര' കേന്ദ്രങ്ങളുടെ സേവനം **www.urjamithra.in** എന്ന വെബ് സൈറ്റ് മുഖേന ലഭ്യമാകുന്നതാണ്.